സ്മൃതിപഥം

●

**ടി.ഒ ബാവ സാഹിബ്**

# ജമാഅത്തെ ഇസ്‌ലാമി വർഗീയ സംഘടനയല്ല

(1983 ഫെബ്രുവരിയിൽ മലപ്പുറം ദഅ്‌വത്ത് നഗറിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി കേരള സമ്മേളനത്തിൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി മെമ്പറും കെ.പി.സി.സി പ്രസിഡന്റുമായിരുന്ന ടി.ഒ ബാവ സാഹിബ് നടത്തിയ പ്രസംഗം)



> **ജമാഅത്തെ ഇസ്‌ലാമി വർഗീയ സംഘടനയാണെന്ന് ചിലർ പറയുന്നു. 1968ൽ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ മുമ്പാകെ ഒരു ഒറ്റമൂലി വന്നു. ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കുക. മന്ത്രിസഭാ യോഗത്തിലല്ല കോൺഗ്രസ്സിന്റെ സംഘടനാ തലത്തിലാണീ നിർദേശം വന്നത്. ഞാനന്ന് ആ വർക്കിംഗ് കമ്മിറ്റിയിൽ അംഗമായിരുന്നു. കുറേ നേരം ചിന്തിച്ചശേഷം ഞാൻ പറഞ്ഞു: "കുറുനരിയെയും ആട്ടിൻ കുട്ടിയെയും കണ്ടാൽ തിരിച്ചറിയാത്തവരാണ് ഈ അഭിപ്രായം പറഞ്ഞത്. നിങ്ങളാരെങ്കിലും അതിന്റെ സാഹിത്യങ്ങൾ തൊട്ടുനോക്കിയിട്ടുണ്ടോ? ഞാൻ ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമല്ല, പക്ഷേ ആ സംഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എനിക്ക് നന്നായറിയാം."**

**ജമാഅത്തെ** ഇസ്‌ലാമി കേരള സമ്മേളനത്തിൽ ആദ്യന്തം പങ്കെടുക്കാൻ അനുഗ്രഹിച്ച അല്ലാഹുവിന് സർവ സ്തുതിയും.

ആധുനികലോകം ഇന്ന് ഭൗതിക സുഖത്തിന് വേണ്ടി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ രാഷ്ട്രങ്ങളും ഭൗതികസുഖത്തിനു വേണ്ടി കഠിനയത്നം ചെയ്യുന്നു. പാശ്ചാത്യരെന്നോ പൗരസ്ത്യരെന്നോ ഉള്ള വ്യത്യാസം ഇതിലില്ല.

മുതലാളിത്ത രാജ്യങ്ങളും സോഷ്യലിസ്റ്റ് എന്ന ഓമനപ്പേരിലറിയപ്പെടുന്ന സ്വേഛാധിപത്യ രാജ്യങ്ങളും എല്ലാംതന്നെ ഭൗതികോന്നമനത്തിനും സ്വാധീനത്തിനും വേണ്ടിമാത്രം നിലകൊള്ളുകയാണ്. ശാക്തികരാഷ്ട്രങ്ങൾ എന്നറിയപ്പെടുന്നവ, മനുഷ്യരാശിയെ ആകമാനം നശിപ്പിക്കത്തക്കവിധം കടലിലും കരയിലും ചക്രവാളത്തിലും അണുവായുധ സംഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ലോക സമാധാനം എന്ന് ഇവർ പറയുന്നത് കേവലം കാപട്യം മാത്രമാണ്.

ഒന്നാം ലോക മഹായുദ്ധാനന്തരം ലോകസമാധാനത്തിനുവേണ്ടി രൂപീകൃതമായ ലോക സമാധാനസഭ രണ്ടാം ലോകയുദ്ധത്തിന് കളമൊരുക്കി. രണ്ടാം ലോകമഹാ യുദ്ധത്തിന് ശേഷം, ഈ ലോകത്തിനിയൊരു യുദ്ധം പാടില്ല എന്ന അടിസ്ഥാനത്തിൽ ഉണ്ടായ ഐക്യരാഷ്ട്രസഭ ഇന്നും നിലനിൽക്കുന്നു. പക്ഷേ ലോകത്തിന്റെ സ്ഥിതി ഇന്നെന്താണ്? എപ്പോഴും ഒരു യുദ്ധം പൊട്ടിപ്പുറപ്പെടാമെന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. മാനവരാശി ഒരു അഗ്നി പർവതത്തിന്റെ മുകളിൽ ഭീതിയോടെ കഴിഞ്ഞുകൂടുന്നു. വൻ രാഷ്ട്രങ്ങൾ, അവർക്കാവശ്യമില്ലാത്ത പഴയ പടക്കോപ്പുകൾ ചെറിയ അറബി രാജ്യങ്ങൾക്ക് വിറ്റ് സ്വർണവും ഇന്ധനവും വാരിക്കൂട്ടുന്നു. ഒടുവിൽ, ഇസ്രയേലിന്റെ കൈയിലെത്തുന്ന ആ സമ്പത്ത് ഡമോക്ലസിന്റെ വാളായി അറബികളുടെ തലക്കുമുകളിൽതന്നെ തൂങ്ങിക്കിടക്കുകയും ചെയ്യുന്നു! എന്തൊരു വിരോധാഭാസം?! ഈ വൻ രാഷ്ട്രങ്ങൾതന്നെ, ജീവനെ അപഹരിക്കുന്നതും ബുദ്ധിയെ മരവിപ്പിക്കുന്നതുമായ ഔഷധങ്ങൾ ദുർബല രാജ്യങ്ങൾക്ക് വിറ്റ് മനുഷ്യനെ കൊല്ലാക്കൊല ചെയ്യുന്നു.

ഇത് ലോക രാഷ്ട്രങ്ങളുടെ സ്ഥിതി. ഇന്ത്യയിലേക്ക് വരിക. ഒരു ഭൗതിക ക്ഷേമരാഷ്ട്രമാണെന്ന് ദൃഢപ്രതിജ്ഞയെടുത്തിട്ടുള്ള രാജ്യമാണ് ഇന്ത്യ. ഉമറിന്റെ ഭരണം ഈ രാജ്യത്ത് സ്ഥാപിക്കാനായി രാമരാജ്യം എന്ന സങ്കൽപം മഹാത്മാഗാന്ധി പ്രചരിപ്പിച്ചു. അതിനായി ആത്മാർപ്പണം ചെയ്തു യത്നിച്ചു. പക്ഷേ ഇന്ന് ശൈഖന്മാരെ

പൂജിക്കുന്നതുപോലെ- അവരുടെ സർവ തത്ത്വങ്ങളും വിസ്മരിച്ച് അവർക്ക് നേർച്ച നേരുന്നതുപോലെ- കൊല്ലത്തിലൊരിക്കൽ ഗാന്ധിജിയുടെ അനുയായികളെന്നു പറയുന്ന സമൂഹം 'രഘുപതിരാഘവ രാജാറാം' എന്ന കീർത്തനമാലപിച്ച് സായൂജ്യമടയുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥിതി ഇന്നെന്താണ്? പലിശ, അതിന്റെ 'മോഹന സുന്ദര'മായ രൂപത്തിൽ ഇരട്ടിയായി വർധിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവെപ്പ് സാർവത്രികമായി നടക്കുന്നു. കുടുംബാസൂത്രണമെന്ന പേരിൽ ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നു. എന്തൊരാഭാസകരമായ ക്ഷേമരാഷ്ട്രത്തിലാണ് നാം നിൽക്കുന്നത്? പണമുണ്ടാക്കാൻ പാഷാണത്തെ പാൽപായസമാക്കി എല്ലാ പത്രങ്ങളിലും പരസ്യപ്പെടുത്തുന്നത് നാം നിത്യേന വായിക്കുന്നു. മദ്യം വിഷമാണെന്നറിഞ്ഞിട്ടും കടുത്ത വിഷം കലർത്തി അതിന്റെ വീര്യം കൂട്ടി മനുഷ്യനെ നശിപ്പിക്കുന്നു. ആർക്കും യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. രാഷ്ട്രീയത്തിന്റെ കുപ്പായമിട്ടാൽ എന്തനീതിയും ഇവിടെ നീതിയാണെന്ന സ്ഥിതി വന്നുചേർന്നിരിക്കുന്നു. ഇതെല്ലാം എന്തുകൊണ്ട് സംഭവിച്ചു? മറുപടി വ്യക്തമാണ്: മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ചും സൃഷ്ടികർത്താവിനെക്കുറിച്ചും മാനവലോകം മറന്നതുകൊണ്ടാണ് അതിന് ഈ കാട്ടാള സ്വഭാവം സിദ്ധിച്ചത്.

അല്ലാഹുവിൽ വിശ്വസിച്ച്, പ്രകൃതി നിയമങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഒരു വ്യവസ്ഥ ഈ ലോകത്ത് നിലനിൽക്കണമെന്ന ആദം നബി(അ)യെ സൃഷ്ടിച്ചപ്പോൾ തന്നെ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ആദം നബി(അ) മുതൽ മുഹമ്മദ് നബി(സ) വരെയുള്ള പ്രവാചകന്മാർ ഈ വ്യവസ്ഥ പ്രചരിപ്പിക്കാനാണ് ജീവിച്ചത്. മുഹമ്മദ് നബിയുടെ കാലശേഷം, ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സഹാബികളും താബിഉകളും താബിഉത്താബികളും ഉണ്ടായിരുന്നു. ഈ കാലത്ത്, നമ്മുടെ ഇടയിൽ ആ ഉത്തരവാദിത്വം നിർവഹിക്കാൻ വേണ്ടി സ്വയം മുന്നോട്ടുവന്ന സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. "നിങ്ങളിൽ നിന്ന് നന്മ കൽപിക്കുകയും നന്മയിലേക്ക് ക്ഷണിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുന്ന ഒരു സമുദായം ഉണർന്നുവരട്ടെ" എന്ന ഖുർആന്റെ ആഹ്വാനം പ്രാവർത്തികമാക്കുകയാണത് ചെയ്യുന്നത്. അതിനെ മഞ്ഞ് കണ്ണുകൊണ്ട് കാണുന്നവർ സമുദായത്തിനകത്തും പുറത്തുമുണ്ട്.

ജമാഅത്തെ ഇസ്‌ലാമി വർഗീയ

**ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശം ഇവിടെ നിലവിൽ വന്നുകഴിഞ്ഞാൽ ഭൗതികവാദികൾക്ക് യഥേഷ്ടം അഴിഞ്ഞാടാൻ സാധ്യമല്ല. അതുകൊണ്ടാണവർ ഇതിനെ എതിർക്കുന്നത്. മറുവശത്ത്, കേവലം ആരാധനകളിലും ആചാരങ്ങളിലും മാത്രം മനുഷ്യനെ തളച്ചിട്ട്, യാതൊരു വിധത്തിലും ചിന്തിക്കാൻ സമ്മതിക്കാത്ത ഒരു വിഭാഗവും നമ്മുടെ കൂട്ടത്തിലുണ്ട്. രണ്ടും സ്വാർഥമതികളാണ്.**



ദഅ്‌വത്ത് നഗറിൽ
ടി.ഒ ബാവ സാഹിബ് പ്രസംഗിക്കുന്നു

സംഘടനയാണെന്ന് ചിലർ പറയുന്നു. 1968ൽ ഇന്ത്യൻ ദേശീയതാ പ്രസ്ഥാനം സാർവത്രികമാക്കാൻ എല്ലാ മഹാരഥന്മാരും ശ്രമിച്ചിട്ട് സാധിക്കാതിരുന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ മുമ്പാകെ ഒരു ഒറ്റമൂലി വന്നു. അതെന്താണെന്നു വെച്ചാൽ ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കുക. മന്ത്രിസഭാ യോഗത്തിലല്ല കോൺഗ്രസ്സിന്റെ സംഘടനാ തലത്തിലാണീ നിർദേശം വന്നത്. ഞാനന്ന് ആ വർക്കിംഗ് കമ്മിറ്റിയിൽ അംഗമായിരുന്നു. കുറേനേരം ചിന്തിച്ചശേഷം ഞാൻ പറഞ്ഞു: "കുറുനരിയെയും ആട്ടിൻ കുട്ടിയെയും കണ്ടാൽ തിരിച്ചറിയാത്തവരാണ് ഈ അഭിപ്രായം പറഞ്ഞത്. നിങ്ങളാരെങ്കിലും അതിന്റെ സാഹിത്യങ്ങൾ തൊട്ടുനോക്കിയിട്ടുണ്ടോ? ഞാൻ ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമല്ല, പക്ഷേ ആ സംഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എനിക്ക് നന്നായറിയാം."

ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവ് മർഹൂം അബുൽ അഅ്‌ലാ മൗദൂദി(റ), ഇന്ത്യ വിഭജനത്തിന്റെ പേറ്റ്നോവനുഭവിക്കുന്ന കാലഘട്ടത്തിൽ പറഞ്ഞു: "ഇന്ത്യയെ രണ്ടായി വിഭജിക്കുന്നതിനോട് യോജിക്കാൻ സാധ്യമല്ല. കാരണം അത് ഇസ്‌ലാമിന്റെ വിശ്വാസത്തിന് നിരക്കാത്തതാണ്. അതിന് തെളിവായി അദ്ദേഹം പറഞ്ഞത്, വിശുദ്ധ ഖുർആനിലെ ഒരു ആയത്താണ്. 'ലോകർക്കാകമാനം അനുഗ്രഹമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.' അതുകൊണ്ട് ഭാരതത്തിലുള്ള സർവ പേർക്കും നന്മ കൈവരുവാനാണ് നാം ശ്രമിക്കേണ്ടത്."

എന്നിരിക്കെ ഈ സംഘടന എങ്ങനെയാണ് വർഗീയ സംഘടനയാവുക? ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശം ഇവിടെ നിലവിൽ വന്നുകഴിഞ്ഞാൽ ഭൗതികവാദികൾക്ക് യഥേഷ്ടം അഴിഞ്ഞാടാൻ സാധ്യമല്ല. അതുകൊണ്ടാണവർ ഇതിനെ എതിർക്കുന്നത്. മറുവശത്ത്, കേവലം ആരാധനകളിലും ആചാരങ്ങളിലും മാത്രം മനുഷ്യനെ തളച്ചിട്ട്, യാതൊരു വിധത്തിലും ചിന്തിക്കാൻ സമ്മതിക്കാത്ത ഒരു വിഭാഗവും നമ്മുടെ കൂട്ടത്തിലുണ്ട്. രണ്ടും സ്വാർഥമതികളാണ്.

ഒരു മുസ്‌ലിമിന്റെ ഏറ്റവും വലിയ കർത്തവ്യം നന്മ ഉപദേശിക്കുക, തിന്മ നിരോധിക്കുക, ദൈവമാർഗത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുക എന്നിത്യാദിയാണ്. ഈ ലക്ഷ്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും ജീവിതത്തിന്റെ എല്ലാ തുറകളിലും ദൈവശാസനകൾ മാത്രമനുസരിക്കണമെന്ന് അനുശാസിക്കുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് ഉത്തരോത്തരം വളരാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. ഇതിന്റെ പ്രവർത്തകർക്ക് വിശാല ഹൃദയവും ആരോഗ്യവും അല്ലാഹു പ്രദാനം ചെയ്യട്ടെ. ഹൃദയംഗമമായ ആശംസകളർപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

(ഉദ്ധരണം: പ്രബോധനം ദഅ്‌വത്ത് നഗർ സമ്മേളന സ്പെഷ്യൽ 1983, പേജ് 189-190) ■